## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 317** **23-01-2025 - ൽ മറുപടിയ്ക്ക്**

## മാലിന്യമുക്തം നവകേരളം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായ വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി ലഭിച്ച പരാതികൾ, ഈടാക്കിയ പിഴ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് ആകെ 493 പരാതികൾ ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം 22,39,378/-രൂപ പിഴയിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയിട്ടുണ്ട്. |
| (ബി) | വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിനിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ജനുവരി 1 മുതൽ 7വരെയുള്ള വലിച്ചെറിയൽ വിരുദ്ധ വാരാചരണ കാലയളവിൽ, വിദ്യാർത്ഥികളുടെയും, യുവാക്കളുടെയും സഹായത്തോടെ, പൊതു നിരത്തിൽ മാലിന്യം വലിച്ചെറിയുന്നത് ശ്രദ്ധയിൽപെട്ടാലോ മാലിന്യക്കൂനകൾ കണ്ടാലോ സിംഗിൽ വാട്സ് ആപ്പ് നമ്പറിലേക്ക് 'ഫോട്ടോ അയക്കുക, പാരിതോഷികം നേടുക' എന്ന വിപുലമായ സന്ദേശം ഉൾപ്പെടുത്തി സ്കൂൾ/കോളേജ് തലങ്ങളിൽ പ്രചാരണം നൽകി. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കിഴിലെ വിദ്യാർത്ഥികളും, യുവജനങ്ങളും ഉൾപ്പെടയുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി നിർദ്ദേശം നൽകി.<br><br>വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ , കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ക്യാമ്പയിനുകൾ, മെഗാ പെയിന്റിങ് ക്യാമ്പയിൻ, ശുചിത്വ സന്ദേശങ്ങൾ ചുവരുകളിൽ രേഖപ്പെടുത്തുന്ന കാമ്പയിനുകൾ, ശുചിത്വ സന്ദേശ റാലി, വിദ്യർത്ഥികൾക്കായി വലിച്ചെറിൽ വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് മനുഷ്യച്ചങ്ങല, ഹരിതസഭ, തദ്ദേശസ്ഥാപനതല അനൗൺസ്മെന്റ്, NSS , SPC തുടങ്ങിയവയുടെയും മറ്റ് വിദ്യാർത്ഥികളെയും കൂടി ഉൾപ്പെടുത്തിയുള്ള വിളംബര ജാഥകൾ, ഫ്ലാഷ് മോബുകൾ , സ്കൂളുകളിൽ IEC ക്ലാസുകൾ, മാസ് ക്ലീനിങ് ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചു.. |

| | | | | |
|---|---|---|---|---|
| | | | | ഇതിനെ തുടർന്ന് ക്ലീൻ സ് കൂൾ എന്ന ആശയത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനും വിവിധ തരം ശാസ്ത്രീയ മാലിന്യസംസ്കരണരീതികളെ സംബന്ധിച്ച ധാരണ രൂപപ്പെടുത്തുന്നതിനും അതിലൂടെ പരിസ്ഥിതിക്കും സമൂഹത്തിനുംകോട്ടം തട്ടാത്ത വിധം സുസ്ഥിരമായ മാലിന്യനിർമാർജ്ജന പ്രവർത്തനം നടത്തുന്നതിനുള്ള മാതൃകാ പരമായ ഇടപെടൽ നടത്തുന്നതിന് വിദ്യാർത്ഥി സമൂഹത്തെ പ്രാപ്തരാക്കുന്നതിന് ലക്ഷ്യമിട്ട് മാലിന്യമുക്ത വിദ്യാലയ ക്യാമ്പയിന് പൊതുവിദ്യാഭ്യാസ വകുപ്പും തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ